**30/08/2024 തീയതിയിൽ 3.00 PM-ന് ബഹുമാനപ്പെട്ട മാനേജിങ് ഡയറക്ടറുടെ (i/c) അദ്ധ്യക്ഷതയിൽ കൂടിയ റവന്യൂ അവലോകന യോഗത്തിന്റെ മിനുട്സ്**

3.00 PM-ന് യോഗം ആരംഭിച്ചു. മാനേജിങ് ഡയറക്ടർ (i/c) എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

2024 ജൂലൈ മാസത്തെ അപേക്ഷിച്ച് ആഗസ്റ്റ് മാസത്തിലെ റവന്യൂ കളക്ഷൻ കുറവായി കാണപ്പെട്ടതിനുള്ള കാരണങ്ങൾ ഡിവിഷൻ തലത്തിൽ അവലോകനം ചെയ്യുന്നതിന് വേണ്ടിയാണ് ഈ മീറ്റിംഗ് നടന്നത്. റവന്യൂ വരുമാനം താഴേക്ക് പോയാൽ അതോറിറ്റിയുടെ പ്രതിമാസ ചെലവുകൾക്ക് തുക മതിയാകാതെ വരുകയും ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവ പോലും മുടങ്ങുന്ന അവസ്ഥ ഉണ്ടാകും എന്നും ഫൈനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ ആമുഖമായി അറിയിച്ചു.

2024 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള പ്രതിമാസ കളക്ഷൻ, 2021-22, 2022-23, 2023-24, 2024-25 ആഗസ്റ്റ് വരെ എന്നിങ്ങനെ ഓരോ സാമ്പത്തിക വർഷത്തിലെയും റവന്യൂ കളക്ഷൻ, 2021 ആഗസ്റ്റ്, 2022 ആഗസ്റ്റ്, 2023 ആഗസ്റ്റ്, 2024 ആഗസ്റ്റ് എന്നീ മാസങ്ങളിൽ ഓരോ ഡിവിഷനുകളുടെയും വാട്ടർ ചാർജ് കളക്ഷൻ, എന്നിങ്ങനെ വിവിധ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഗ്രാഫുകൾ ഉൾപ്പെടുത്തി ഡിവിഷനുകളുടെ അവലോകനം ആർ.എം.സി അവതരിപ്പിച്ചു. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കളക്ഷൻ കുറവായതിന് ഓരോ ഡിവിഷനുകളോടുമായി വിശദീകരണം ആവശ്യപ്പെട്ടു.

കാലാവസ്ഥ വ്യതിയാനം, വാഹനങ്ങളുടെ അഭാവം, ഡിസ്കണക്ഷനുകളുടെ കുറവ്, ജീവനക്കാരുടെ കുറവ്, പ്രവർത്തി ദിവസങ്ങളുടെ എണ്ണത്തിലുള്ള കുറവ് തുടങ്ങിയ പ്രശ്നങ്ങളാണ് മിക്കവാറും ഡിവിഷനുകളും കളക്ഷൻ കുറവാകുന്നതിന് കാരണമായി ഉന്നയിച്ചത്. മിക്ക ഡിവിഷനുകളുടെയും കളക്ഷൻ മുൻ മാസങ്ങളിലേതിനേക്കാൾ 25%-ത്തോളം കുറവാണെന്നും ഈ കാരണങ്ങളൊന്നും തന്നെ വരുമാനം കുറയുന്നതിന് കാരണമായി അംഗീകരിച്ചു നൽകുവാൻ കഴിയുന്നതല്ല എന്നും മാനേജിങ് ഡയറക്ടർ (i/c) അറിയിച്ചു. റവന്യൂ കളക്ഷനെ മാത്രം ആശ്രയിച്ചിട്ടാണ് കേരള വാട്ടർ അതോറിറ്റി നിലനിൽക്കുന്നതെന്നും ശമ്പളം, പെൻഷൻ, കെ.എസ്.ഇ.ബി-ക്ക് നൽകേണ്ട തുക, ഒ&എം എന്നിങ്ങനെയുള്ള പ്രതിമാസ ചെലവുകൾ, കോൺട്രാക്ടർമാർക്ക് കൊടുത്ത് തീർക്കേണ്ട കുടിശ്ശിക, ജീവനക്കാർക്ക് നൽകേണ്ട പെൻഷൻ ആനുകൂല്യങ്ങൾ എന്നിങ്ങനെയുള്ള ബാധ്യതകൾ തീർക്കുന്നതിനും വേണ്ടി പ്രതിമാസം 100 മുതൽ 110 കോടി രൂപ വരെ കളക്ഷൻ ഉണ്ടാകേണ്ടതാണ്. സ്ഥാപനത്തിന്റെ നിലനിൽപ്പിന് വേണ്ടി ജീവനക്കാർ കൂട്ടായി പ്രവർത്തിച്ച് പരമാവധി വാട്ടർ ചാർജ് പിരിച്ചെടുക്കേണ്ടതാണെന്ന് മാനേജിങ് ഡയറക്ടർ (i/c) കൂട്ടിച്ചേർത്തു.

ആംനെസ്റ്റി അദാലത്ത് ഇനിയും നടത്തേണ്ടതാണെന്ന് റവന്യൂ ഓഫീസർമാർ അറിയിച്ചു. ആംനെസ്റ്റി അദാലത്ത് സർക്കാരിന്റെ പ്രത്യേക അനുമതിയോട് കൂടി മാത്രം നടത്തിയതാണെന്നും അടിക്കടി അദാലത്തുകൾ നടത്തുന്നത് പൊതു ജനങ്ങൾക്കിടയിൽ തെറ്റായ ധാരണ രൂപപ്പെടുന്നതിന് കാരണമാകുന്നതാണെന്നും ആയതിനാൽ ഇനിയും ഒരു ആംനെസ്റ്റി അദാലത്ത് നടത്തുക എന്നത് സാധ്യമല്ലാത്തതാണെന്നും മാനേജിങ് ഡയറക്ടർ (i/c) അറിയിച്ചു.

<u>പ്രധാനപ്പെട്ട യോഗ തീരുമാനങ്ങൾ</u>

1. ഓരോ ഡിവിഷനുകളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കളക്ഷൻ കുറയാൻ ഉണ്ടായ കാരണങ്ങൾ വിശദമായി അവലോകനം ചെയ്യേണ്ടതും ഏതെല്ലാം ഘടകങ്ങളാണ് ഇനിയും മെച്ചപ്പെടുത്തേണ്ടതെന്നും മനസ്സിലാക്കി പ്രവർത്തിക്കേണ്ടതും പരമാവധി കളക്ഷൻ ഉണ്ടാകേണ്ടതുമാണ്. നടപടി: റവന്യൂ ഓഫീസർ.
2. ഈ മാസത്തിൽ കളക്ഷനിൽ ഉണ്ടായ കുറവ് അടുത്ത മാസത്തിൽ നികത്താൻ പാകത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും സബ് ഡിവിഷൻ തലത്തിലും സെക്ഷൻ തലത്തിലും ആയത് നടപ്പിലാക്കേണ്ടതുമാണ്. നടപടി: റവന്യൂ ഓഫീസർ.
3. എൽ.എസ്.ജി.ഡി, ടാങ്കർ ലോറി, ബൾക്ക് എന്നിവ ഉൾപ്പെടാതെയുള്ള (ഇ-അബാക്കസ് കളക്ഷൻ) പ്രതിമാസ കളക്ഷൻ 85 കോടി രൂപക്ക് മുകളിൽ വരേണ്ടതാണ്. ആയതിനാൽ പതിവ് രീതികളിൽ നിന്നും വ്യത്യസ്തമായി ഒരു ഫുൾ ഡാറ്റ അനാലിസിസ് നടത്തി റവന്യൂ പുരോഗതി ഉണ്ടാകുന്നതിനു വേണ്ടിയുള്ള നിർദേശങ്ങൾ താഴെ തട്ടിലുള്ള ഓഫീസുകളിലേക്ക് നൽകേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർ.

4. കഴിഞ്ഞ മൂന്ന് മാസക്കാലയളവിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരികരിച്ചിട്ടുള്ള കേസുകൾ പരിശോധിക്കേണ്ടതും അപാകതകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നടപടി: ആർ.എം.സി.
5. പത്തനംതിട്ട ഡിവിഷനിലെ ശബരിമല വാട്ടർ ചാർജ് കുടിശ്ശികയിൽ ഫൈൻ ഈടാക്കുന്നതായി കാണുന്നില്ല, വാട്ടർ ചാർജ്ജ് കുടിശ്ശികയ്ക്ക് ഗാർഹികേതര വിഭാഗങ്ങൾക്ക് ബാധകമായ ഫൈൻ ചുമത്തുവാൻ കഴിഞ്ഞ വർഷം തന്നെ റവന്യു അവലോകന യോഗത്തിൽ നിർദ്ദേശിച്ചിരുന്നതാണെന്നും ആയത് കുടിവെള്ളത്തിന്റെ കുടിശ്ശികയ്ക്ക് മാത്രം ഫൈൻ ഈടാക്കേണ്ടതാണെന്നും ഇല്ലായെങ്കിൽ ആയത് റവന്യു ഓഫീസറുടെ ബാധ്യതയായി കണക്കാക്കുമെന്നും ഫൈനാൻസ് മാനേജർ അറിയിച്ചു. ആയതു കൂടി ഉൾപ്പെടുത്തിയുള്ള പുതുക്കിയ ബില്ല് ദേവസ്വം ബോർഡിന് നൽകേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർ, പത്തനംതിട്ട.
6. സബ് ഡിവിഷൻ തലത്തിലും സെക്ഷൻ തലത്തിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി ഡിവിഷൻ തലത്തിൽ എല്ലാ ആഴ്ചയിലും റവന്യൂ അവലോകന യോഗങ്ങൾ നടത്തേണ്ടതാണ്. നടപടി: എക്സിക്യൂട്ടീവ് എഞ്ചിനീയർ/ റവന്യൂ ഓഫീസർ.
7. ഹെഡ് ഓഫീസ് തലത്തിലുള്ള റവന്യൂ അവലോകന യോഗങ്ങൾ എല്ലാ മാസവും അഞ്ചാം തീയതിയിലും ഇരുപത്തഞ്ചാം തീയതിയിലും നടത്തേണ്ടതാണ്. നടപടി: ആർ.എം.സി.
8. എല്ലാ ഡിവിഷനുകളും പ്രതിമാസ ടാർഗറ്റ് 100% പൂർത്തിയാക്കാൻ ശ്രമിക്കേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർ.
9. 2024 ആഗസ്റ്റ് മാസത്തിലെ കളക്ഷൻ പൂർത്തിയാകുന്ന മുറയ്ക്ക് 05/09/2024-ന് ശേഷമുള്ള ഒരു തീയതിയിൽ റവന്യൂ അവലോകന മീറ്റിങ് നടത്തേണ്ടതാണ്. കഴിഞ്ഞ മാസത്തെ കളക്ഷനെയും 2023 ആഗസ്റ്റ് മാസത്തെ കളക്ഷനെയും അപേക്ഷിച്ച 2024 ആഗസ്റ്റ് മാസത്തെ കളക്ഷൻ 10%-ൽ അധികം കുറവ് കളക്ഷൻ രേഖപ്പെടുത്തിയിട്ടുള്ള ഡിവിഷനുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ മെമ്മോ ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ ഉണ്ടായിരിക്കുന്നതാണ്.
10. ഇനിമേൽ എല്ലാ മാസങ്ങളിലും 5-ആം working day 20-ആം working day റെവന്യൂ അവലോകന യോഗം നടത്തേണ്ടതാണ്. നടപടി: ആർ.എം.സി.

4.45 PM-ന് യോഗം അവസാനിച്ചു. മാനേജിങ് ഡയറക്ടർ (i/c) യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു.

Binu Francis IAS

Signed by
Binu Francis
Date: 05-09-2024 22:14:43

MD KWA